e-mail: gssbsukc@yahoo.co.in

Phone: 0471-2351910
0471-2351911
0471-2392810
Fax: 0471-2351963

# സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ (കേരള സർക്കിൾ)

(അഫിലിയേറ്റഡ് ടു ഓൾ ഇന്ത്യ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്റ്റാഫ് ഫെഡറേഷൻ)

കത്തുകൾ അയക്കേണ്ട വിലാസം
ജനറൽ സെക്രട്ടറി

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
ലോക്കൽ ഹെഡ് ഓഫീസ്
പൂജപ്പുര012 695 – തിരുവനന്തപുരം ,

സർക്കുലർ നമ്പർ 45/23

തീയതി: 01.05.2023

## മെയ് ദിന ആശംസകൾ ...

ഉജ്ജ്വലമായ തൊഴിലാളി വർഗ പോരാട്ടത്തിന്റെ ഓർമ്മയുണർത്തുന്ന ഒന്നാണ് മെയ് ദിനം.

8 മണിക്കൂർ ജോലി,
8 മണിക്കൂർ വിനോദം,
8 മണിക്കൂർ വിശ്രമം

എന്ന അദ്ധ്വാനിക്കുന്ന മനുഷ്യന്റെ അടിസ്ഥാന ആവശ്യം മുൻ നിർത്തിയായിരുന്നു അന്നത്തെ പോരാട്ടം എന്നതിനാൽ, മെയ് ദിന സ്മരണ ലോകത്തിലെ പണിയെടുക്കുന്ന എല്ലാ മനുഷ്യരുടേയും വിമോചന സ്വപ്നത്തിന്റെ പ്രതീകമായിത്തീർന്നു.

ചൂഷണവും അദ്ധ്വാനിക്കുന്നവരുടെ വിയർപ്പിൽ നിന്നുള്ള ലാഭം കുന്നുകൂട്ടുന്ന വ്യവസ്ഥിതിയും തുടരുവോളം മെയ് ദിന സ്മരണ നമുക്ക് ആവേശം പകരും.

ബാങ്കിങ് മേഖലയിൽ UFBU എന്ന ഐക്യ സമര പ്രസ്ഥാനം കെട്ടിപ്പടുത്തു കൊണ്ട്, അതിന് നേതൃത്വം നൽകിക്കൊണ്ട്, കഴിഞ്ഞ മൂന്ന ദശകങ്ങളായി നമ്മൾ നടത്തിവരുന്ന പ്രവർത്തനം ഈ മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ മുൻ നിർത്തി തന്നെയാണ്.

ആഗോളമായിത്തന്നെ ശക്തിപ്പെടുന്ന സ്വകാര്യവൽക്കരണത്തിനെതിരെ, പൊതുമേഖലയെ പുഷ്ടിപ്പെടുത്തി രാജ്യത്തെ രക്ഷിക്കുവാനും അതു വഴി തൊഴിലവകാശം സംരക്ഷിക്കുവാനുമാണ് നമ്മൾ പോരാടിയത്.

ഇന്ത്യയിൽ ഇന്നും നിലനിൽക്കുന്ന പൊതുമേഖലാ ബാങ്കുകളും സ്ഥാപനങ്ങളും ആ പോരാട്ട വിജയത്തിന്റെ അടയാളങ്ങളാണ്.

എന്നാൽ, ആഗോളമായും ദേശീയമായും തൊഴിലാളികൾക്കു മേലുള്ള കടന്നാക്രമണങ്ങൾ അനുദിനം പെരുകുകയാണ്.

കേന്ദ്ര ഗവണ്മെന്റ് കൊണ്ടുവന്ന തൊഴിൽ നിയമ ഭേദഗതികൾ അവയുടെ നിദർശനങ്ങളാണ്. എല്ലാ മേഖലയിലും കോർപറേറ്റ്വത്കരണം തുടരുന്ന സ്ഥിതിയാണെന്നു നീതി ആയോഗിന്റെ മുൻ അംഗം തന്നെ പറഞ്ഞിരിക്കുന്നു. ബാങ്കിങ് മേഖലയിലും മറ്റൊന്നല്ല കണ്ടുവരുന്നത്. മുന്നിലുള്ളത് കടുത്ത പോരാട്ടത്തിന്റെ നാളുകൾ തന്നെയാണ്.

മെയ് ദിന സ്മരണ വരും നാളുകളിൽ നമ്മൾ ഏറ്റെടുക്കുന്ന സമരങ്ങൾക്ക് തീർച്ചയായും കരുത്തുപകരട്ടെ..

അഭിവാദ്യങ്ങളോടെ

Philip

(ഫിലിപ്പ് കോശി)
ജനറൽ സെക്രട്ടറി